**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ പരിപാലന വ്യവസായത്തിന് വേണ്ടിയുള്ള എക്സ്പർട്ട് കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലഘട്ടത്തിൽ ഡോ. ജയൻ തോമസ് അദ്ധ്യക്ഷനായി രൂപീകരിച്ച കേരളത്തിലെ ആരോഗ്യ പരിപാലന വ്യവസായത്തിന് വേണ്ടിയുള്ള എക്സ്പർട്ട് കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു; ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (എ) | കോവിഡ് കാലഘട്ടത്തിൽ ഡോ.ജയൻ തോമസ് അദ്ധ്യക്ഷനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി കേരളത്തിലെ ആരോഗ്യ സംരക്ഷണ മേഖലയിലെ നൂതന വ്യവസായങ്ങളിലേക്കുള്ള ഭാവി വളർച്ചാ സാധ്യത സംബന്ധിച്ച് മൂന്ന് പ്രധാന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>2. കോവിഡാനന്തര കാലഘട്ടത്തിൽ കേരളത്തിന് ഒരു മികച്ച സ്വാസ്ഥ്യ ആരോഗ്യ സംരക്ഷണ കേന്ദ്രമായി ഉയർന്നുവരാൻ കഴിയുമെന്നതിനാൽ വിനോദസഞ്ചാരികളെയും സംസ്ഥാനത്ത് നിന്ന് വിദൂര ജോലികൾ തെരഞ്ഞെടുക്കുന്ന പ്രൊഫഷണലുകളെയും ഇവിടേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br><br>3. രോഗനിർണ്ണയം, ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ ഗവേഷണത്തിന്റെയും ഉന്നത നിലവാരമുള്ള ഉല്പാദനത്തിന്റെയും ഒരു പ്രധാന കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കണം.<br><br>പ്രധാന മേഖലകളെ കുറിച്ച് പരിശോധിച്ച് കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് 07/08/2020 -ലെ സ.ഉ.(സാധാ)നം.593/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നാലംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി, വിശദമായ പ്ലാൻ (strategy) തയ്യാറാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ളവരുമായി വിശദമായ ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ധസമിതി റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് വേണ്ടിയുള്ള രൂപരേഖ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി -യെ ചുമതലപ്പട്ടുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | കോവിഡ് കാലഘട്ടത്തിൽ ഡോ.ജയൻ തോമസ് അദ്ധ്യക്ഷനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി കേരളത്തിലെ ആരോഗ്യ സംരക്ഷണ മേഖലയിലെ നൂതന വ്യവസായങ്ങളിലേക്കുള്ള ഭാവി വളർച്ചാ സാധ്യത സംബന്ധിച്ച് മൂന്ന് പ്രധാന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>2. കോവിഡാനന്തര കാലഘട്ടത്തിൽ കേരളത്തിന് ഒരു മികച്ച സ്വാസ്ഥ്യ ആരോഗ്യ സംരക്ഷണ കേന്ദ്രമായി ഉയർന്നുവരാൻ കഴിയുമെന്നതിനാൽ വിനോദസഞ്ചാരികളെയും സംസ്ഥാനത്ത് നിന്ന് വിദൂര ജോലികൾ തെരഞ്ഞെടുക്കുന്ന പ്രൊഫഷണലുകളെയും ഇവിടേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br><br>3. രോഗനിർണ്ണയം, ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ ഗവേഷണത്തിന്റെയും ഉന്നത നിലവാരമുള്ള ഉല്പാദനത്തിന്റെയും ഒരു പ്രധാന കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കണം.<br><br>പ്രധാന മേഖലകളെ കുറിച്ച് പരിശോധിച്ച് കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് 07/08/2020 -ലെ സ.ഉ.(സാധാ)നം.593/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നാലംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി, വിശദമായ പ്ലാൻ (strategy) തയ്യാറാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ളവരുമായി വിശദമായ ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ദ്ധസമിതി റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് വേണ്ടിയുള്ള രൂപരേഖ തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി -യെ ചുമതലപ്പട്ടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ